ഗ്യാസ് മസ്റ്ററിങ്ങ് നടത്തി

ഇരിങ്ങാലക്കുട : ജോ ഏജൻസിയിൽ നിന്നും പാചക വാതക കണക്ഷൻ എടുത്ത ഉപഭോക്താക്കൾക്കുള്ള മസ്റ്ററിങ്ങ് കൊരുമ്പിശേരി റസിഡന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തി. മസ്റ്ററിങ്ങിനു മുമ്പായി ഉപഭോക്താക്കൾ സ്വീകരിക്കേണ്ട സുരക്ഷാ നടപടികളെ കുറിച്ച് രഞ്ജിത്. ക്ലാസെടുത്തു. ചടങ്ങിൽ അസോസിയേഷൻ പ്രസിഡന്റ് റിട്ട വിങ് കമാൻഡർ ടി.എം. രാംദാസ് അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ. ഹേമചന്ദ്രൻ, വൈസ് പ്രസിഡന്റ് രാജീവ് മുല്ലപ്പിള്ളി, ജോ. സെക്രട്ടറി ബിന്ദു ജിനൻ, എ.സി. സുരേഷ്, സംഗീത രമേഷ് എന്നിവർ പ്രസംഗിച്ചു.

വായന പക്ഷാചരണം സമാപിച്ചു

ഇരിങ്ങാലക്കുട : അവിട്ടത്തൂർ സ്പെയ്സ് ലൈബ്രറി സംഘടിപ്പിച്ച വായന പക്ഷാചരണം സമാപിച്ചു. സമാപനസമ്മേളനം സാഹിത്യകാരൻ അശോകൻ ചെരുവിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് 'ശ്രീനാരായണ ഗുരു കേരളീയ നവോത്ഥാനത്തിന്റെ നായകൻ' എന്ന വിഷയത്തിൽ അദ്ദേഹം പ്രഭാഷണം നടത്തി. ഡോ. കെ. രാജേന്ദ്രൻ "ഐ.വി. ദാസ് അനുസ്മരണ" പ്രഭാഷണം നടത്തി. ചടങ്ങിൽ ശ്രീനാരായണ ആശയങ്ങളുടെ പ്രചാരകനായ ബാലൻ അമ്പാടത്തിനെ ആദരിച്ചു. ബാലൻ അമ്പാടത്ത്, പി. സതീശൻ, പി. അപ്പു, ടി. രവീന്ദ്രൻ എന്നിവർ സംസാരിച്ചു. വായനശാല പ്രസിഡന്റ് കെ.പി. രാഘവ പൊതുവാൾ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ടി. ശിവൻ വൈസ് പ്രസിഡന്റ് വി. ബിന്ദു എന്നിവർ പ്രസംഗിച്ചു.

പ്രതിഷേധ ധർണ

വടക്കാഞ്ചേരി: ഓട്ടുപാറ മാർക്കറ്റിനോടുള്ള നഗരസഭയുടെ അവഗണനക്കെതിരെ മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മാർക്കറ്റിനു മുന്നിൽ പ്രതിഷേധ ധർണ നടത്തി. മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ബിജു ഇസ്മായിൽ അധ്യക്ഷത വഹിച്ചു. നഗരസഭ കൗൺസിലും ജനറൽ സെക്രട്ടറിയുമായ കെ. അജിത് കുമാർ ഉദ്ഘാടനം ചെയ്തു. മുൻ മണ്ഡലം പ്രസിഡന്റ് എ.എസ്. ഹംസ, കൗൺസിലർമാരായ അഡ്വ. ശ്രീദേവി രതീഷ്, സന്ധ്യ കൊടയ്ക്കാടത്ത്, ജിജി സാംസൺ ബ്ലോക്ക് ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു.

മേഖലാ സമ്മേളനം സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട : കളിയും, ചിരിയും, അതിനിടയിലെ വലിയ ചോദ്യങ്ങളും ഉത്തരങ്ങളുമായി ബാലസംഘം പൊറത്തിശേരി മേഖലാ സമ്മേളനം പൂർത്തിയായി. പതിനാറ് യൂണിറ്റുകളിൽ നിന്നായി 128 കുട്ടികളാണ് മേഖല സമ്മേളനത്തിൽ പ്രതിനിധികളായി എത്തിയത്. സിനിമാ താരവും, നാടൻപാട്ട് കലാകാരനുമായ രാജേഷ് തംബുരു കുട്ടികളുടെ സമ്മേളനം ഉദ്ഘാടനം ചെയ്തു.

കൊച്ചു കളികളിലൂടെയും, കഥകളിലൂടെയും കുട്ടികളെ വേഗത്തിൽ ചിന്തിക്കേണ്ടതിന്റെയും, പ്രവർത്തിക്കേണ്ടതിന്റെയും പ്രസക്തിയെ കുറിച്ച് അദ്ദേഹം വിശദീകരിച്ചു. രക്ഷാധികാരി ആർ.എൽ. ജീവൻലാൽ, നഗരസഭ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ സി.സി. ഷിബിൻ എന്നിവർ സംസാരിച്ചു. കെ.ആർ. രാജേഷ്, ഖേയ വി മനോജ്കുമാർ, എം. നിഷാദ്, കൺവീനർ അജിത്ത് കൊല്ലാറ എന്നിവർ പങ്കെടുത്തു. ചിത്രകലാ അധ്യാപകരായ സി.കെ. ലാൽ, കെ.കെ. ദാസപ്പൻ എന്നിവർ കുട്ടികൾക്കായി ക്ലാസ് നയിച്ചു. അടുത്ത ഒരു വർഷത്തെ പ്രവർത്തനങ്ങൾക്കായി 27 അംഗ കമ്മിറ്റിയെ തിരഞ്ഞെടുത്തു. അമീർ അനീഷിനെ പ്രസിഡന്റായും അഭിരാമി സുധീറിനെ സെക്രട്ടറിയായും തെരഞ്ഞെടുത്തു.

ഏകദിന വൊളന്റിയർ ക്യാംപ്

ഇരിങ്ങാലക്കുട : നഗരസഭയിലെ വൊളന്റിയർമാർ പങ്കെടുത്ത ക്യാംപിന്റെ ഉദ്ഘാടനം ആം ആദ്മി പാർട്ടി ജില്ലാ പ്രസിഡന്റ് ടോണി റാഫേൽ നിർവഹിച്ചു. വൈസ് പ്രസിഡന്റ് റെജി, നഗരസഭാ പ്രസിഡന്റ്ഡിക്സൺ എന്നിവർ പ്രസംഗിച്ചു.

യോഗത്തിൽ സെക്രട്ടറി വിൻസെന്റ്കണ്ടംകുളത്തി ക്യാംപിന്റെ ലക്ഷ്യത്തെ കുറിച്ചു വിശദീകരിച്ചു. മണ്ഡലം പ്രസിഡന്റ്ജിജിമോൻ ആശംസകൾ നേർന്നു സംസാരിച്ചു.സംസ്ഥാന സെക്രട്ടറി റാണി ആന്റോ, കിസ്സാൻ വിങ് പ്രസിഡന്റ്കിസ്സാൻ ജസ്റ്റിൻ, സി.എൽ. ജോയ് എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നടത്തി.ജില്ലാ വൈസ് പ്രസിഡന്റ്സിന്ധു സന്തോഷ്, എക്സ് സർവീസ്മാൻ സംസ്ഥാന സെക്രട്ടറി ടി.വി. പൗലോസ്, ഗിരിജൻ മാള, ഇരിങ്ങാലക്കുട നഗരസഭ മുൻ ചെയർമാൻ ജോസ് കോമ്പാറ, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയ കുട്ടികൾ തുടങ്ങിയവരെ ആദരിച്ചു. തുടർന്ന് വിൻസെന്റ്കണ്ടംകുളത്തിയുടെ നേതൃത്വത്തിൽ പ്രസംഗ പരിശീലനവും, വൊളന്റിയർമാരുടെ കലാപരിപാടികളും അരങ്ങേറി.

ഗുരുസ്മരണ മഹോത്സവത്തിൽ വിദൂഷകൻ

ഇരിങ്ങാലക്കുട : അമ്മന്നൂർ അനുസ്മരണത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട മാധവനാട്യ ഭൂമിൽ നടന്നു വരുന്ന ഉപനായക കൂടിയാട്ട മഹോത്സവത്തിൽ സമാപന ദിവസമായ ഇന്ന് ശാകുന്തളത്തിലെ വിദൂഷകൻ രംഗത്തെത്തും.

നായാട്ടിന് വനത്തിൽ രാജാവിന്റെ കൂടെ പോകുമ്പോഴുണ്ടാകുന്ന ക്ലേശങ്ങളെ വർണ്ണിക്കുന്നതാണ് കഥാസന്ദർഭം. വിദൂഷകനായി അമ്മന്നൂർ കുട്ടൻ ചാക്യാർ രംഗത്തെത്തും. ''സംസ്കൃത നാടകങ്ങളിലെ വിദൂഷകധർമ്മം'' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. എം.വി. നാരായണൻ പ്രഭാഷണം നടത്തും.

എട്ടാം ദിവസം ''അശോകവനികാങ്ക''ത്തിലെ മണ്ഡോദരിയും സഖിയുമായുള്ള കൂടിയാട്ടം അരങ്ങേറി. മണ്ഡോദരിയായി സരിത കൃഷ്ണകുമാറും സഖിയായി ആതിര ഹരിഹരനും രംഗത്തെത്തി. മിഴാവിൽ കലാമണ്ഡലം രാജീവ്, കലാമണ്ഡലം ഹരിഹരൻ, കലാമണ്ഡലം ജയരാജ്, ഇടക്കയിൽ കലാനിലയം ഉണ്ണികൃഷ്ണൻ, താളത്തിൽ ഗുരുകുലം ശ്രുതി, ഗുരുകുലം അതുല്യ, ഗുരുകുലം ഗോപിക, ഗുരുകുലം അക്ഷര, ഗുരുകുലം വിഷ്ണുപ്രിയ എന്നിവരും പങ്കെടുത്തു.

അശോകവനികാങ്കത്തിൽ മണ്ഡോദരിയായി സരിത കൃഷ്ണകുമാർ സഖിയായി ആതിര ഹരിഹരൻ

ലയൺസ് ക്ലബ്ബിന്റെ ആഗോള കൺവൻഷനിൽ വി.പി. നന്ദകുമാറിന് ആദരം

കുട്ടികളിലെ ക്യാൻസർ ചികിത്സ, സൗജന്യ തിമിര ശസ്ത്രക്രിയ, ഭവനരഹിതരുടെ പുനരധിവാസം എന്നീ മേഖലകളിലെ പ്രവർത്തനങ്ങൾക്കാണ് അംഗീകാരം

തൃശൂർ: ഓസ്ട്രേലിയയിലെ മെൽബണിൽ നടന്ന ലയൺസ് ക്ലബ്ബ് ഇന്റർനാഷണലിന്റെ ആഗോള കൺവൻഷനിൽ മുൻ ഇന്റർനാഷണൽ ഡയറക്ടറും മണപ്പുറം ഫിനാൻസിന്റെ എംഡിയും സിഇഒയുമായ വി.പി. നന്ദകുമാറിന് ആദരം. കുട്ടികളിലെ ക്യാൻസർ ചികിത്സ, സൗജന്യ തിമിര ശസ്ത്രക്രിയ, ഭവനരഹിതരുടെ പുനരധിവാസം എന്നീ മേഖലകളിൽ നന്ദകുമാറിന്റെ നേതൃത്വത്തിൽ നടന്ന പ്രവർത്തനങ്ങൾക്കാണ് അംഗീകാരം. സന്നദ്ധ സേവന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും വിവിധ പദ്ധതികളിലൂടെ സമൂഹത്തിലെ അർഹരായവർക്ക് സഹായം എത്തിക്കുകയും ചെയ്യുന്ന വി.പി. നന്ദകുമാറിന്റെ നടപടി ലയൺസ് ക്ലബ്ബിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ഏറെ സഹായകമാണെന്ന് ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ ചെയർപേഴ്സൺ ബ്രയാൻ ഇഷിഹാൻ, പ്രസിഡന്റ് ഡോ. പാറ്റി ഹിൽ എന്നിവർ പറഞ്ഞു. ലോകത്തെ വിവിധ ഇടങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് സാന്ത്വനമേകാൻ ആരംഭിച്ച ലയൺസ് ക്ലബ്ബ് ഇന്റർനാഷണലിന്റെ ഏറ്റവും വലിയ സേവന ദാതാക്കളിൽ ഒരാളാണ് വി.പി. നന്ദകുമാർ. അദ്ദേഹത്തിന്റെ മഹത്തായ സംഭാവനകൾ ലയൺസ് ക്ലബ്ബിന്റെ മുഴുവൻ അംഗങ്ങൾക്കും പ്രചോദനമാണെന്നും ഇരുവരും അഭിപ്രായപ്പെട്ടു.ലയൺസ് ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ, പ്രചോദനപരമായ പ്രവർത്തനങ്ങൾ, സന്നദ്ധ മേഖലയിലെ വിദഗ്ധരുടെ അനുഭവങ്ങൾ, വിവിധ വിഷയങ്ങളിലുള്ള കോൺഫറൻസുകൾ എന്നിവയാണ് കൺവൻഷന്റെ ഭാഗമായി സംഘടിപ്പിച്ചത്. ലോകമെമ്പാടുമുള്ള 35000 പ്രതിനിധികൾ പങ്കെടുത്ത കൺവൻഷനിൽ പുതിയ അന്താരാഷ്ട്ര ഡയറക്ടർ ബോർഡിനെ തെരെഞ്ഞെടുത്തു. കേരളത്തിൽനിന്നും നിന്നും മുന്നൂറോളം പേർ പങ്കെടുത്തു.

മെൽബണിൽ നടന്ന ലയൺസ് ക്ലബ്ബിന്റെ ആഗോള കൺവൻഷനിൽ മുൻ ഇന്റർനാഷണൽ ഡയറക്ടറും മണപ്പുറം ഫിനാൻസിന്റെ എംഡിയും സിഇഒയുമായ വി.പി. നന്ദകുമാറിനെ ആദരിച്ചപ്പോൾ

തർപ്പണ തിരുനാളിന് പാലയൂർ തീർഥകേന്ദ്രം ഒരുങ്ങി

ചാവക്കാട് : പാലയൂർ സെന്റ് തോമസ് തീർഥകേന്ദ്രത്തിലെ തർപ്പണ തിരുനാൾ 14 ന് ആഘോഷിക്കും. അനുബന്ധ പരിപാടികളുടെ ഭാഗമായി ദേവാലയത്തിൽ വിവിധ കലാപരിപാടികൾക്ക് തുടക്കമായി.

തീർഥകേന്ദ്രം അസി. വികാരി ഫാ ഡെറിൻ അരിമ്പൂർ ഉദ്ഘാടനം നിർവഹിച്ചു. തീർഥ കേന്ദ്രം ആർച്ച് പ്രീസ്റ്റ് ഡോ. ഡേവിസ് കണ്ണമ്പുഴ പുരസ്കാരം വിതരണം നിർവഹിച്ചു. ടി.ജെ. സന്തോഷ്, സി.ഡി. ലോറൻസ്, ബിജു മുട്ടത്ത് എന്നിവർ പ്രസംഗിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ കുടുംബ കൂട്ടായ്മകൾ, ഭക്ത സംഘടനകൾ, സ്കൂളുകൾ അവതരിപ്പിക്കുന്ന കലാപരിപാടികളും, 12ന് ഇടവകയിലെ മീഡിയ വിങിന്റെ നേതൃത്വത്തിൽ ഇടവകയിലെ അംഗങ്ങളെ അണിനിരത്തി ''പുണ്യങ്ങൾ പൂക്കുന്ന തീരം'' എന്ന നാടകവും ഉണ്ടാ.

ഇടവകയിലെ ചെറിയ കുട്ടികൾ മുതൽ മുതിർന്ന ആളുകൾ വരെ നാടകത്തിൽ പങ്കെടുക്കും. 13 ന് മെഗാ ബാൻഡ് മേളവും, 14 ന് വൈകുന്നേരം ഏഴിന് ബാൻഡ് - ശിങ്കാരി ഫ്യൂഷനും അരങ്ങേറും.

കോടതികൾ മാറ്റുന്നതിൽ നിന്നും പിൻവാങ്ങണമെന്ന് എസ്എൻപി

കൊടുങ്ങല്ലൂർ: ആധുനിക സജ്ജീകരണങ്ങളുടെ പേര് പറഞ്ഞ് കൊടുങ്ങല്ലൂരിൽ നിന്നും കോടതികൾ മാറ്റി സ്ഥാപിക്കുന്നതിൽ എസ്.എ ൻ.ഡി.പി.യോഗം കൊടുങ്ങല്ലൂർ യൂണിയനിലെ 4047-ാം നമ്പർ കുന്നംകുളം ശാഖ വിശേഷാൽ പൊതുയോഗം പ്രതിഷേധം രേഖപ്പെടുത്തി. വികസനം അത്യന്താപേക്ഷിതമാണെങ്കിലും ഒരു നാടിന്റെയും ജനങ്ങളുടെയും സൗകര്യങ്ങളെ മറികടന്ന് കൊണ്ടുവരുന്ന ഇത്തരം നടപടികൾ ജനങ്ങൾക്ക് ബുദ്ധിമുട്ടിന് വഴിവെക്കുമെന്നും യോഗം ചൂണ്ടിക്കാട്ടി. പ്രസിഡന്റ് കെ.എൻ.വാസുദേവൻ(രക്ഷാധികാരി)ഇ.എ. ശിവശങ്കരൻ(ചെയർമാൻ)ഇന്ദിര വിനോദ് (വൈസ് ചെയർമാൻ) എൻ.എ. ഷമേജ്(കൺവീൻനർ) എന്നിവർ ഭാരവാഹികളായി നൂറ്റിയൊന്നംഗ ആഘോഷ കമ്മിറ്റിയും തെരഞ്ഞെടുത്തു.

ബൈപ്പാസ് റോഡിൽ മരണക്കുഴികൾ : കുഴിയിൽ വീണ സ്കൂട്ടർ യാത്രികന് ഗുരുതര പരിക്ക്

ഇരിങ്ങാലക്കുട : തകർന്നുകിടക്കുന്ന ഇരിങ്ങാലക്കുട ബൈപ്പാസ് റോഡിലെ കുഴികൾ മരണക്കെണിയാകുന്നു. കഴിഞ്ഞ ദിവസം കുഴിയിൽ വീണ സ്കൂട്ടർ യാത്രികനായ കൊരുമ്പിശേരി സ്വദേശി ഐനിക്കൽ മഹേഷിനെ (45) ഗുരുതര പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.തോളെല്ലും വാരിയെല്ലും ഒടിഞ്ഞ മഹേഷിന്റെ ആന്തരിക അവയവങ്ങൾക്കും പരിക്കേറ്റതായാണ് ഡോക്ടർമാർ പറയുന്നത്. അപകടത്തിനിടയാക്കിയ കുഴിക്കു മുന്നിൽ മുന്നറിയിപ്പുമായി കോലം കെട്ടിവച്ചിട്ടുണ്ട് നാട്ടുകാർ. നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമായി 2021 ൽ 34 ലക്ഷം രൂപ ചിലവഴിച്ച് നവീകരിച്ചതാണ് ബൈപ്പാസ് റോഡ്.

നവീകരണം കഴിഞ്ഞ് നാലുവർഷം തികയും മുമ്പേ മരണക്കെണികൾ ഒരുക്കി അതീവ ശോചനീയമാണ് ബൈപ്പാസ് റോഡിന്റെ അവസ്ഥ.റോഡ് നിർമാണം പൂർത്തീകരിച്ച് 10 വർഷം പിന്നിട്ടിട്ടും ഇരുവശങ്ങളിലുമുള്ള കാനകൾ നിർമിക്കുകയോ നടപ്പാതകൾ ഒരുക്കുകയോ ചെയ്തിട്ടില്ലെന്നും നാട്ടുകാരുടെ വിമർശനമുണ്ട്. പദ്ധതികൾക്കായി വലിയ തുകകൾ വിനിയോഗിക്കുമ്പോൾ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാത്തതാണ് റോഡിന്റെ തകർച്ചയ്ക്കും യാത്രക്കാരുടെ ദുരിതത്തിനും അപകടങ്ങൾക്കും കാരണമാകുന്നത് എന്ന് നാട്ടുകാർ ആരോപിച്ചു.

അപകടത്തിനിടയാക്കിയ കുഴിക്കു മുന്നിൽ മുന്നറിയിപ്പുമായി കോലം കെട്ടിവെച്ച് നാട്ടുകാർ.

നോർത്ത് ബസ് സ്റ്റാന്റിലെ ഭൂമി ഏറ്റെടുത്തതിലെ ക്രമക്കേട് പരിഹരിക്കാൻ നടപടി സ്വീകരിക്കും

ചാലക്കുടി: നോർത്ത് ബസ് സ്റ്റാന്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വഴി വീതി കൂട്ടുന്നതിന്റെ ഭാഗമായി നഗരസഭക്ക് ഭൂമി വിട്ട് നൽകിയ നടപടിക്രമങ്ങളിൽ കണ്ടെത്തിയ ക്രമക്കേട് പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുവാൻ കൗൺസിൽ തീരുമാനിച്ചു.

വഴി വീതി കൂട്ടുന്നതിന് ആനമല ജങ്ഷനോട് ചേർന്ന് പ്രവർത്തിച്ചിരുന്ന വർക്ക് ഷോപ്പിന്റെ 2.5 സെന്റ് സ്ഥലം നഗരസഭക്ക് വിട്ട് നൽകാൻ സമ്മതിക്കുകയും, ഇതിന്റെ ഭാഗമായി ഉടമക്ക് ബസ് സ്റ്റാന്റ് കോമ്പൗണ്ടിൽ താത്ക്കാലിക ഷെഡ് നിർമിച്ച് വർക്ക്ഷോപ്പ് നടത്താനും കഴിഞ്ഞ ഭരണസമിതി അനുമതി നൽകിയിരുന്നു.എന്നാൽ ഈ ഭൂമി നഗരസഭ രേഖാമൂലം കൈമാറുകയോ, ആധാരം രജിസ്റ്റർ ചെയ്ത് നൽകുകയോ ചെയ്തിട്ടില്ലയെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് കൗൺസിൽ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. മാത്രമല്ല ബസ് സ്റ്റാന്റ് കോമ്പൗണ്ടിൽ സ്വന്തം ചിലവിൽ താത്ക്കാലിക ഷെഡ് നിർമ്മിച്ച് വർക്ക്ഷോപ്പ് പ്രവർത്തിക്കാം എന്നും ഇതിന് പ്രതിമാസം 100/- രൂപ വാടക നൽകണമെന്നും പിന്നീട് നഗരസഭ ഇവിടെ കെട്ടിടം നിർമ്മിക്കുമ്പോൾ ഇയാൾക്ക് റൂം നൽകി അതിലേക്ക് മാറ്റും എന്നുമാണ് തീരുമാനിച്ചിരുന്നത്. എന്നാൽ താത്ക്കാലിക ഷെഡിൽ വർക്ക്ഷോപ്പ് തുടങ്ങിയ ഇയാൾ പിന്നീട് ഇത് മറ്റൊരു വ്യക്തിക്ക് കൈമാറുകയും, ഇവിടെ ഹോട്ടൽ പ്രവർത്തിക്കുന്നതായാണ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. ഇത് പ്രതിമാസം 15000/- രൂപ വാടകയ്ക്കാണ് മറ്റൊരാൾക്ക് കൊടിത്തിരിക്കുന്നതെന്നും കണ്ടെത്തിയിട്ടുണ്ട്. ഇയാൾ തന്നെ മറ്റൊരു പുറംമ്പോക്ക് സ്ഥലത്ത് പോയി ഇപ്പോൾ വർക്ക്ഷോപ്പ് നടത്തിവരുന്നതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. നഗരസഭക്ക് കൈമാറി എന്ന് പറയുന്ന സ്ഥലത്തിന്റെ ആധാരം, ഇദ്ദേഹം മറ്റൊരു ബാങ്കിൽ ലോണിനായി പണയപ്പെടുത്തിയതായും ഇയാൾ തന്നെ സമ്മതിച്ചിട്ടുണ്ട്.ഭൂമിയുടെ ആധാരം നഗരസഭക്ക് കൈമാറാൻ ഇയാളെട് ആവശ്യപ്പെട്ടെങ്കിലും ലഭിച്ചിട്ടില്ല. ഇക്കാര്യം അടിയന്തിരമായി പരിഹരിക്കാനും,ക്രമകേടുകളിൽ നടപടികൾ സ്വീകരിക്കാനും കൗൺസിൽ തീരുമാനിച്ചു.

വാർഡ് തലത്തിലുള്ള ആരോഗ്യ-ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ കൗൺസിൽ തീരുമാനിച്ചു. ഇതിനായ് വാർഡ് ശുചിത്വ കമ്മിറ്റിക്ക് 20000/- രൂപ വീതം തനത് ഫണ്ടിൽ നിന്നും അനുവദിക്കും,കായിക അധ്യാപകരില്ലാത്ത ഗവ: മോഡൽ ഹയർ സെക്കൻഡറി സ്കൂൾ, വിആർ പുരം ഗവ: ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിൽ താത്ക്കാലികമായി കായിക അധ്യാപകരെ നിയമിക്കാനും കൗൺസിൽ തീരുമാനിച്ചു.ബോയ്സ് സ്കൂൾ കോമ്പൗണ്ടിലെ പഴയ കെട്ടിടങ്ങളായ ബി,സി ബ്ലോക്കുകൾ അടിയന്തിരമായി പൊളിച്ചു മാറ്റാനും, ഇതിന്റെ വാല്യുവേഷനും കൗൺസിൽ അംഗീകരിച്ചു. ആയുഷ് ആയുർവേദ ആശുപത്രിക്ക് 10 സെന്റ് ഭൂമി സൗജന്യമായി കൈമാറുന്നതിലേക്കായ്, ഇതിനോട് ചേർന്ന് കിടക്കുന്ന സ്വകാര്യ വ്യക്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്താനും, ഇവിടേക്ക് വഴിയും പാലവും നിർമ്മിക്കാനും കൗൺസിൽ തീരുമാനിച്ചു.പോട്ട മിനിമാർക്കറ്റിന്റെ സ്ഥലമെടുപ്പുമായ് ബന്ധപ്പെട്ട കേസിൽ വിധി തുക ഗഡുക്കളായി അടവാക്കാനും ഇത് സംബന്ധിച്ച് തുടരുന്ന കേസിൽ കക്ഷി ചേരാനും തീരുമാനിച്ചു.വിആർ പുരം ഗവ:ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികളെ ഗുണ്ടാസംഘം ആക്രമിച്ച് പരിക്കേൽപ്പിച്ച സംഭവത്തിൽ പൊലീസ് അന്വേഷണം ഊർജ്ജിതമാക്കണമെന്നും, കുറ്റവാളികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്നും കൗൺസിൽ ആവശ്യപ്പെട്ടു. ഗവ: മോഡൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥിയെ പുറത്ത് വെച്ച് ആക്രമിച്ച കേസും നിഷ്പക്ഷമായി അന്വേഷിക്കണമെന്നും, സർക്കാർ വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വേണ്ട നടപടി ഉണ്ടാകണമെന്നും കൗൺസിൽ അഭിപ്രായപ്പെട്ടു. ചെയർമാൻ എബി ജോർജ്ജ് അധ്യക്ഷത വഹിച്ചു.

പെൻഷൻ വിതരണവും ഉപഹാര സമർപ്പണവും

ഗുരുവായൂർ : തിരുവെങ്കിടം നായർ സമാജത്തിന്റെ ആഭിമുഖ്യത്തിൽ പെൻഷൻ വിതരണവും ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർഥികൾക്ക് ഉപഹാര സമർപ്പണവും നടന്നു. പ്രസിഡന്റ് ബാലൻ വാറണാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന സംഗമം നഗരസഭാ കൗൺസിലർ വി.കെ. സുജിത്ത് ഉദ്ഘാടനം ചെയ്തു. തിരുവെങ്കിടാചലപതി ക്ഷേത്രസമിതി സെക്രട്ടറി പ്രഭാകരൻ മണ്ണൂർ പെൻഷൻ വിതരണവും, ഉണ്ണികൃഷ്ണൻ ആലക്കൽ പഠനോപകരണ വിതരണവും, എ. സുകുമാരൻ നായർ, പി. മുരളീധര കൈമൾ എന്നിവർ വിജയികൾകൾക്കുള്ള സമ്മാനദാനവും നൽകി. ദേവകിയമ്മ വട്ടേക്കാടത്ത്, എം. രാജേഷ് നമ്പ്യാർ, സുരേന്ദ്രൻ മൂത്തേടത്ത്, രാജു പി നായർ, പി.കെ. വേണുഗോപാൽ, അർച്ചനാരമേശ്, ജയന്തി കുട്ടം പറമ്പത്ത് എന്നിവർ സംസാരിച്ചു. ചിത്രം : പെൻഷൻ വിതരണവും ഉപഹാര സമർപ്പണവും നഗരസഭാ കൗൺസിലർ വി.കെ. സുജിത്ത് ഉദ്ഘാടനം ചെയ്യുന്നു.

വായനാ പക്ഷാചരണം സമാപിച്ചു

കൊടുങ്ങല്ലൂർ: പുല്ലൂറ്റ് എ.കെ. അയ്യപ്പൻ - സി. വി. സുകുമാരൻ വായനശാലയിൽ നടന്നു വന്നിരുന്ന വായനാപക്ഷാചരണ പരിപാടികൾ സമാപിച്ചു .അജിത പടാരിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ടി.കെ.ജ മീല, ഐ.വി. ദാസ് അനുസ്മരണം നടത്തി.

വായനാ പക്ഷാചരണത്തിന്റെ ഭാഗമായി ഉദ്ഘാടന സമ്മേളനം പി.എൻ. പണിക്കർ അനുസ്മരണം, ജി.ശങ്കരപ്പിള്ള അനുസ്മരണം, പ്രതിഭാ സംഗമം, ഡോ. യു.കെ. വിശ്വനാഥൻ സ്മാരക വിദ്യാഭ്യാസ അവാർഡ് വിതരണം, വിവിധ മേഖലകളിൽ ശ്രദ്ധേയരായ വായനശാല അംഗങ്ങളെ അനുമോദിക്കൽ, പി.കേശവദേവ്, പൊൻകുന്നം വർക്കി, എൻ.പി. മുഹമ്മദ് അനുസ്മരണങ്ങൾ, ടന്റി 20 പ്രശ്നോത്തരി, ലഹരി വിരുദ്ധ ചിത്രരചന, ലഹരി വിരുദ്ധ പ്രതിജ്ഞയും ജ്വാലയും, വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം, ഗ്രന്ഥാലോകം ക്യാമ്പയിൻ എന്നി പരിപാടികളാണ് വായന ശാലയിൽ സമാപനത്തിന് മുൻപായി നടന്നത്.

സമാപന സമ്മേളനത്തിൽ നന്ദു അഗസ്റ്റിൻ അധ്യക്ഷ ത വഹിച്ചു. കെ.ആർ. രേവതികൃഷ്ണ, പി.എസ്. അനാമിക, ടി.എ. തേജാലക്ഷ്മി എന്നിവർ സംസാരിച്ചു.

ബസ് ഡ്രൈവർക്ക് ക്രൂര മർദ്ദനം

കുന്നംകുളം: സർവ്വീസ് നടത്തുന്നതിനിടെ റോഡിൽ സൈഡ് കൊടുത്തില്ലെന്ന് ആരോപിച്ച് സ്വകാര്യബസ് ഡ്രൈവർക്ക് ക്രൂരമർദ്ദനം. പഴുന്നാനയിൽ വൈകീട്ട് 4 മണിയോടെയാണ് സംഭവം. ഫിദ മോൾ എന്ന സ്വകാര്യ ബസിലെ ഡ്രൈവർ ലിബിനാണ് മർദ്ദനമേറ്റത്. നേരത്തെ റോഡിൽ വെച്ച് എതിർദിശയിൽ വന്ന ബൈക്കിന് സൈഡ് നൽകിയില്ല എന്ന് ആരോപിച്ച് ബൈക്ക് യാത്രികരും ബസ് ജീവനക്കാരുമായി തർക്കം ഉണ്ടായിരുന്നു. ഇതിനുശേഷം ബസ് തിരിച്ചു വരുന്ന വഴിയാണ് പഴുന്നാനയിൽ വച്ച് ബസ് തടഞ്ഞു നിർത്തി യുവാക്കൾ ബസ് ഡ്രൈവറെ ആക്രമിച്ചത്. സീറ്റിലായിരുന്ന ഡ്രൈവറെ മാരകമായി മർദ്ദിക്കുകയായിരുന്നു. സാരമായി പരിക്കേറ്റ ലിബിനെ തൃശൂർ മെഡിക്കൽ കോളെജിലേക്കും മാറ്റി.

ഓഫീസ് അസിസ്റ്റന്റ്

തൃശൂർ : സൈറ്റി ഫോർ അസിസ്റ്റന്റ് ഫിഷർ വുമൺ (സാഫ്) തൃശൂർ ജില്ലാ ഓഫീസിൽ ഓഫീസ് അസിസ്റ്റന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത - ഏതെങ്കിലും വിഷയത്തിലുള്ള ബിരുദവും ഇംഗ്ലീഷ്, മലയാളം ടൈപ്പ് റൈറ്റിങ്ങിൽ ഉള്ള പരിജ്ഞാനം. താത്പര്യമുള്ളവർ 15 നകം നോഡൽ ഓഫീസർ, സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വുമൺ, റീജിയണൽ ഷ്രിംപ് ഹാച്ചറി, അഴീക്കോട്, കൊടുങ്ങല്ലൂർ, തൃശൂർ-680666 വിലാസത്തിൽ അപേക്ഷ ലഭ്യമാക്കണം. ഫോൺ: 6238341708,

അറിയിപ്പ്

KL-08-AQ-3454 , M/CYCLE വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ SHASHIDHARAN V, 'SMRUTHY' , GURUVAYOOR ROAD, POOTHOLE, TH